ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ, വോട്ടെടുപ്പ് പൂർത്തിയായി. ഇതുവരെയുള്ള കണക്കനുസരിച്ച് 57.86 ശതമാനം പേർ വോട്ടു രേഖപ്പെടുത്തി, വോട്ടെണ്ണൽ ശനിയാഴ്ച

   Voting in Delhi Assembly elections has been completed. As per the figures so far, 57.86 percent people have registered their votes, counting of votes will be held on Saturday

2. സാങ്കേതികവിദ്യയെ ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്

   Union Minister Ashwini Vaishnav says that the central government is working with the aim of democratising technology

3. ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ സമിതിയിൽ നിന്ന് പിൻവാങ്ങാൻ തീരുമാനിച്ച് അമേരിക്ക, ഉത്തരവിൽ ഒപ്പു വെച്ച് പ്രസിഡന്റ് ട്രംപ്

US decides to withdraw from the United Nations Human Rights Council, President Donald Trump signed an executive order

4. **കേരളത്തിലെ ആരോഗ്യ മേഖലയിലെ വികസനത്തിനായി ലോകബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻറ് പ്രോഗ്രാം നടപ്പിലാക്കാൻ മന്ത്രിസഭായോഗത്തിന്റെ അനുമതി**

Cabinet approves implementation of Kerala Health System Improvement Program with the help of World Bank for development of Kerala's health sector

5. **ദേശീയ ഗെയിംസിൽ കേരളത്തിന് ഒരു സ്വർണം കൂടി, മെഡൽ നിലയിൽ മുന്നേറ്റം തുടർന്ന് കർണാടക.**

Kerala wins one more gold at National Games, Karnataka leading in the medal tally

&&&&&&&&&&&&&&&&&&

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ, വോട്ടെടുപ്പിനുള്ള ഔദ്യോഗിക സമയം ആറു മണിയോടെ പൂർത്തിയായി. 70 മണ്ഡലങ്ങളിൽ നടന്ന പോളിംഗിൽ ഇതു വരെയുള്ള കണക്കുകൾ പ്രകാരം 57.86 ശതമാനം പോളിങ് രേഖപ്പെടുത്തി. 699 സ്ഥാനാർഥികൾ ജനവിധി തേടുന്ന തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ശനിയാഴ്ചയാണ്.

&&&&&&&&&&&&&&&&&&

## DELHI POLLING

ഡൽഹി നിയമസഭയിലേക്കുള്ള വോട്ടെടുപ്പിൽ മികച്ച ജനപങ്കാളിത്തമാണ് അനുഭവപ്പെട്ടത്. തുടക്കത്തിൽ മന്ദഗതിയിലായിരുന്ന പോളിംഗ് ഉച്ചയോടെയാണ് മെച്ചപ്പെട്ടത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, കേന്ദ്രമന്ത്രിമാരായ എസ് ജയശങ്കർ, ഹർദീപ് സിങ് പുരി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ഡൽഹി മുഖ്യമന്ത്രി അതിഷി, മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ തുടങ്ങിയ പ്രമുഖർ ആദ്യ മണിക്കൂറുകളിൽ തന്നെ വോട്ട് രേഖപ്പെടുത്തി. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, ഡൽഹി ലെഫ്റ്റനൻറ് ഗവർണർ വിനയ് കുമാർ സക്സേന, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന തുടങ്ങിയവരും വിവിധ ബൂത്തുകളിലെത്തി രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തി. തിരഞ്ഞെടുപ്പിൻറെ സുഗമമായ നടത്തിപ്പിനും സുരക്ഷക്കുമായി ഉദ്യോഗസ്ഥ, പോലീസ് വിഭാഗങ്ങൾ സ്തുത്യർഹ സേവനമാണ് നടത്തിയതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറഞ്ഞു.

(വോയിസ്)

13,000-ലധികം പോളിങ് ബൂത്തുകൾ ക്രമീകരിച്ച ഡൽഹിയിൽ തിരഞ്ഞെടുപ്പ് നടത്തിപ്പിനായി ഒരു ലക്ഷത്തി എൺപതിനായിരത്തിലധികം പോളിംഗ്

ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ വിന്യസിച്ചിരുന്നത്.

&&&&&&&&&&&&&&&&&&

## PM MAHAKUMBH

ഇന്ന് മഹാകുംഭമേളയിൽ പങ്കെടുത്ത പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രയാഗ്‌രാജിലെ ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനൊപ്പമാണ് പ്രധാനമന്ത്രി ത്രിവേണി സംഗമത്തിൽ എത്തിയത്. പ്രത്യേക പൂജകളിലും അദ്ദേഹം പങ്കെടുത്തു. ജനുവരി 13-ന് ആരംഭിച്ച മഹാകുംഭ മേള ഈ മാസം 26-ന് മഹാശിവരാത്രി വരെ നീളും. ഇതുവരെ 39 കോടിയിലധികം ഭക്തരാണ് ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം ചെയ്തത്.

&&&&&&&&&&&&&&&&&&

## RBI-MONETARY POLICY

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയയോഗത്തിന് മുംബൈയിൽ തുടക്കമായി. ആർ ബി ഐ ഗവർണറായി സഞ്ജയ് മൽഹോത്ര ചുമതലയേറ്റ ശേഷമുള്ള ആദ്യ യോഗമാണിത്. അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ ആർബിഐ ഗവർണർ മറ്റന്നാൾ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&

## NATIONAL GAMES

38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഒരു സ്വർണം കൂടി. വനിതകളുടെ കോക്സ്ലസ്-4 തുഴച്ചിലിലാണ് കേരളം സ്വർണം നേടിയത്. വനിതകളുടെ ഡബിൾസ് സ്കൾ ഇനത്തിലും വനിതകളുടെ കോക്സ്ലസ് പെയർ ഇനത്തിലും കേരളം വെള്ളി നേടി. വനിതകളുടെ സ്കൾ ക്വാഡ്രപ്പിൾ ഇനത്തിൽ ഇന്ന് വെങ്കലം സ്വന്തമാക്കിയിട്ടുണ്ട്. ഇതോടെ 9 സ്വർണവും 9 വെള്ളിയും 6 വെങ്കലവുമുൾപ്പെടെ 24 മെഡലുകളുമായി പട്ടികയിൽ ഒൻപതാമതാണ് കേരളം. കേരളത്തിൻറെ പുരുഷ ഫുട്ബോൾ ടീം ഫൈനലിൽ കടന്നു. 28 സ്വർണവുമായി കർണാടകയാണ് ഒന്നാമത്.സർവീസസ് രണ്ടാമതും 16 സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&

## JAISHANKAR – UNGA PREZ

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് UN പൊതുസഭ പ്രസിഡൻ്റ് ഫിലിമോൻ യാങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പങ്കാളിത്തം പരിഷ്ക്കരിക്കേണ്ട ആവശ്യകത ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. പ്രാദേശിക, ആഗോള പ്രശ്നങ്ങളിലെ ആശയങ്ങൾ പരസ്പരം കൈമാറിയതായും ശ്രീ ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## TRUMP-UNHRC

ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ സമിതിയിൽ നിന്ന് യുഎസിനെ പിൻവലിക്കാനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചു. പലസ്തീൻ അഭയാർത്ഥികളെ പിന്തുണയ്ക്കുന്ന യുഎൻ ഏജൻസിക്ക് ധനസഹായം നൽകുന്നത് ഉൾപ്പടെ വിലക്കാനാണ് തീരുമാനം. യുനെസ്കോയിലെ അംഗത്വം അവലോകനം ചെയ്യാനും പ്രസിഡൻ്റ് ട്രംപ് നിർദ്ദേശം നൽകി. ചില UN ഏജൻസികളും സ്ഥാപനങ്ങളും ആഗോള സമാധാനം ഉറപ്പാക്കാനുള്ള ദൗത്യത്തിൽ നിന്ന് വ്യതിചലിച്ചതായി ഉത്തരവിൽ പറയുന്നു.

&&&&&&&&&&&&&&&&&&&

## US ILLEGAL IMMIGRANTS

അമേരിക്കയിൽ നിന്നുള്ള നൂറിലധികം അനധികൃത ഇന്ത്യൻ കുടിയേറ്റക്കാർ രാജ്യത്ത് മടങ്ങിയെത്തി. യുഎസ് സൈനിക വിമാനത്തിലാണ് ഇവരെ അമൃത്സറിലെ ശ്രീ ഗുരു രാംദാസ് ജി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചത്. മടങ്ങിയെത്തിയവരിൽ അധികവും ഹരിയാന, പഞ്ചാബ്, ഗുജറാത്ത്, ഉത്തർപ്രദേശ്, ചണ്ഡീഗഢ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്.

&&&&&&&&&&&&&&&&&&&

## AIR INDIA LONDON FLIGHT

കേരളത്തിൽ നിന്ന് യൂറോപ്പിലേക്കുള്ള എയർ ഇന്ത്യ കൊച്ചി - ലണ്ടൻ വിമാന സർവീസ് പുനരാരംഭിക്കാൻ ധാരണ. കേരളത്തിൽ നിന്ന് യൂറോപ്പിലേക്കുള്ള ഏക സർവീസ് മാർച്ച് 28 മുതൽ നിർത്താനുള്ള അറിയിപ്പിന്റെ പശ്ചാത്തലത്തിൽ സിയാൽ അധികൃതർ എയർ ഇന്ത്യയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ധാരണയായത്. നിലവിൽ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലാണ് കൊച്ചിയിൽ നിന്ന് ലണ്ടൻ ഗാറ്റ്വിക്കിലേക്ക് എയർ ഇന്ത്യ സർവീസ് നടത്തുന്നത്.

&&&&&&&&&&&&&&&&&&

**VAISHNAW - OPEN AI CEO-INTRO**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഓപ്പൺഎഐ CEO സാം ആൾട്ട്മാനുമായി കൂടിക്കാഴ്ച നടത്തി. സാങ്കേതികവിദ്യയെ ജനാധിപത്യവൽക്കരിക്കുകയാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

നിർമിതബുദ്ധി സംവിധാനങ്ങളുടെ വികസനത്തിനും ഉപയോഗത്തിനും പിന്തുണ നൽകുന്ന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ, എന്നിവയുടെ ശേഖരമായ AI സ്റ്റാക്ക് സംബന്ധിച്ച് ആൾട്ട്മാനുമായി വിശദമായ ചർച്ച നടത്തിയതായും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## UAE-ARTIFICIAL GENERAL INTELLIGENCE

ഉത്തരവാദിത്തത്തോടെയും ധാർമ്മികതയോടെയുമുള്ള നിർമിതബുദ്ധി സാങ്കേതികവിദ്യ വികസനത്തിന് സമഗ്രമായ നിയന്ത്രണ ചട്ടക്കൂടുകൾ അനിവാര്യമെന്ന് വിദഗ്ധർ. ദുബായിൽ നടക്കുന്ന - AI Everything Global സമ്മേളനത്തിലാണ് വിദഗ്ധാഭിപ്രായം. സൈബർ ആക്രമണങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പോലെ ഹാനികരമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ നിയന്ത്രണ നടപടികൾ ആവശ്യമാണെന്നും അഭിപ്രായമുയർന്നു.

&&&&&&&&&&&&&&&&&&&

## GOLD DEMAND-INDIA

ഇന്ത്യയിൽ സ്വർണത്തിൻ്റെ ആവശ്യകത 5 ശതമാനം വർദ്ധിച്ചതായി റിപ്പോർട്ട്. 2023-ൽ 761 ടൺ ആയിരുന്ന ഡിമാൻഡ് 2024 എത്തിയപ്പോൾ 802.8 ടണ്ണായി ഉയർന്നു. വേൾഡ് ഗോൾഡ് കൗൺസിലിൻ്റെ കണക്കനുസരിച്ച്, 2025-ൽ സ്വർണ്ണത്തിന്റെ ഉപഭോഗം 700 മുതൽ 800 ടൺ വരെയായിക്കും.

&&&&&&&&&&&&&&&&&&&

## AGA KHAN- DIED

ഇസ്മാഈലി മുസ്ലീങ്ങളുടെ ആത്മീയ നേതാവ് ആഗാ ഖാൻ നാലാമൻ പോർച്ചുഗലിൽ അന്തരിച്ചു. 88

വയസായിരുന്നു. വ്യവസായ രംഗത്തും ഏറെ പ്രശസ്തനായിരുന്ന ആഗാ ഖാൻ മികച്ച മനുഷ്യസ്നേഹി കൂടിയായിരുന്നു. നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു.

&&&&&&&&&&&&&&&&&&

**HEATWAVE**

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രതാ പാലിക്കണം. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും, പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കരുതെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

**ISL**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയൻറ് -പഞ്ചാബ് എഫ് സി പോരാട്ടം. കൊൽക്കത്തയിലെ സാൾക്ക് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ODI - CRICKET

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1:30 നാണ് ആദ്യ മത്സരം. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യൻ ടീമിനെ രോഹിത് ശർമ്മ നയിക്കും. കഴിഞ്ഞ ട്വന്റി-20 പരമ്പരയിൽ, 14 വിക്കറ്റു വീഴ്ത്തി പരമ്പരയിലെ താരമായ വരുൺ ചക്രവർത്തിയെ ടീമിൽ ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&&&

## KOLLAM-CPI -CPI(M)

സിപിഎം- സിപിഐ ഭിന്നതയെ തുടർന്ന് കൊല്ലം കോർപറേഷൻ ഡെപ്യൂട്ടി മേയർ സ്ഥാനം സിപിഐ രാജിവച്ചു. കൊല്ലം മധുവാണ് ഡെപ്യൂട്ടി മേയർ സ്ഥാനം രാജിവച്ചത്. മുന്നണി ധാരണപ്രകാരം സിപിഎം മേയർ പ്രസന്നഏണസ്റ്റ് സ്ഥാനം ഒഴിയാത്തതാണ് പ്രതിഷേധത്തിന് കാരണം.

&&&&&&&&&&&&&&&&&&

## KERALA CABINET

കേരളത്തിലെ ആരോഗ്യ മേഖലയിൽ വൻ വികസനം ലക്ഷ്യമിട്ട് ലോക ബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ സംസ്ഥാന

മന്ത്രിസഭായോഗ തീരുമാനം. ലോകബാങ്കിൽ നിന്നും 2424.28 കോടി രൂപ വായ്പ സ്വീകരിച്ചാണ് പദ്ധതി നടപ്പാക്കുക.

&&&&&&&&&&&&&&&&&&

**VD SATHEESHAN**

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിച്ച യു.ഡി.എഫിന്റെ മലയോര സമര യാത്രയ്ക്ക് തിരുവനന്തപുരത്ത് സമാപനം. അമ്പൂരിയിൽ നടന്ന സമാപന സമ്മേളനം എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ മനുഷ്യ - വന്യമൃഗ സംഘർഷം പരിഹരിക്കാൻ LDF സർക്കാരിന് കഴിഞ്ഞില്ലെന്ന് ദീപാ ദാസ് മുൻഷിയും പ്രതിപക്ഷ നേതാവും ആരോപിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&